LIBRARY ARCHIVES Kerala Legislative Assembly

ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് സഹായം

258 (3964) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്നും സഹായം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ?

2020-21-ൽ PMMSY പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന Providing Mechanized deep sea fishing vessel to traditional fishermen of Kerala പദ്ധതിക്കായി 1700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിത യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ആദ്യഘട്ടത്തിൽ 10 ആഴക്കടൽ ബോട്ടുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളായ 10 പേർ വീതമടങ്ങുന്ന JLG ഗ്രൂപ്പുകൾക്കോ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള ഗ്രൂപ്പുകൾക്കോ ടി പദ്ധതിയിൽ ഗുണഭോക്താക്കളാകാവുന്നതാണ്.

(ബി) സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2,40,211 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മായം ചേർത്ത മത്സ്യത്തിന്റെ വില്പന

259 (3965) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിപണിയിൽ മായം ചേർന്ന മത്സ്യം വിറ്റഴിക്കപ്പെടുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?